1. ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം.
2. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
3. ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം.
4. ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം.
5. മഹാരാജാസ് കോളേജ്, എറണാകുളം.
6. വിക്ടോറിയ കോളേജ്, പാലക്കാട്.
7. ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി.
8. ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്.
9. ഗവ. കോളേജ്, ചിറ്റൂർ.
10. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി.
11. ഗവ. കോളേജ്, മടപ്പള്ളി.
12. ഗവ. കോളേജ്, കാസറഗോഡ്.

(സി) & (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അനുവദനീയമായ ഇളവുകൾക്ക് വിധേയമായാണ് നിയമനം നടത്തിയിട്ടുള്ളത്.

(എഫ്) യു. ജി. സി. സ്കീമിലെ ശമ്പളനിർണ്ണയം പരിഗണനയിലാണ്.

(ജി) ഉണ്ട്. അനുവദനീയമായ ഇളവുകൾക്ക് വിധേയമായി യു. ജി. സി. സ്കീമിന് അർഹരായവരെ അതിൽ ഉൾപ്പെടുത്തുകയും പിന്നീട് ഇവരെ ഗവൺമന്റ് കോളേജുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(എച്ച്) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഐ) ഉണ്ട്.

1995-ൽ ലൈബ്രറി കൗൺസിൽ സൃഷ്ടിച്ച പോസ്റ്റിൽ ഇരുന്നു റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻ ആനുകൂല്യം നൽകാൻ നടപടി

140 [3666] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

(എ) പി. ആന്റ് എ. ആർ. ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് 1995-ൽ ലൈബ്രറി കൗൺസിൽ സൃഷ്ടിച്ച പോസ്റ്റുകൾക്ക് ഇതുവരെ ഭരണാനുമതി ഗവൺമെന്റ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പോസ്റ്റിൽ ഇരുന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഭരണാനുമതി ഇല്ല എന്ന കാരണത്താൽ തടഞ്ഞു വച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) ഭരണാനുമതി ഇല്ല എന്നുപറയുന്ന പോസ്റ്റുകളിൽ സെക്രട്ടേറിയറ്റിൽ നിന്നും ഉദ്യോഗസ്ഥൻമാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ടോ; പോസ്റ്റ് ഇല്ലെങ്കിൽ ഇവരെ എങ്ങനെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഭരണാനുമതി ഇല്ലായെന്ന സാങ്കേതിക കാരണങ്ങൾ പറയാതെ ജോലിചെയ്ത കാലയളവ് റെഗുലറൈസ് ചെയ്ത് അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചിരിക്കുന്നത് നൽകാൻ ലൈബ്രറി കൗൺസിലിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെന്റും ധനകാര്യവകുപ്പും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ ഭാഗികമായി തടഞ്ഞുവച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. കെ സുധാചന്ദ്രന്റെയും ഡെവലപ്പ്മെന്റ് ആഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. കെ. എ. സോമശേഖരകുറിപ്പിന്റെയും ശ്രീ. കെ. യു. ജോസഫിന്റെയും പെൻഷൻ ആനുകൂല്യങ്ങൾ ടി തസ്തികകൾക്ക് അംഗീകാരമില്ലാത്ത സാഹചര്യത്തിൽ പൂർണ്ണമായും അനുവദിച്ചിട്ടില്ല.

(സി) നിയമിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോജക്ട് ഓഫീസർ എന്നീ തസ്തികകൾ മുൻ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ലൈബ്രറി കൗൺസിലിൽ ഉണ്ടായിരുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡെവലപ്പ്മെന്റ് ഓഫീസർ എന്നീ നിലകളിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട പ്രസ്തുത തസ്തികകളിലാണ് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തിവരുന്നത്.

(ഡി) ഇക്കാര്യം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly